ശ്രീ. എൻ. ശക്തൻ: സർ, കെ.എസ്.എഫ്.ഇ. ഇപ്പോൾ ഏതെല്ലാം സലകൾക്കുള്ള ചിട്ടികളാണ് നടത്തുന്നത്? ഇതിൽ ഏറ്റവും കൂടുതൽ പ്രയോജനമുള്ള സല ഏതാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ: സർ, ചിട്ടികൾ പലവിധത്തിലുണ്ട്. വളരെയധികം നമ്പർ ചിട്ടികൾ നടത്തുന്നുണ്ട്. കച്ചവടക്കാർക്ക് 50,000-ന്റെ ചിട്ടികളുണ്ട്, 5 ലക്ഷത്തിന്റെ ചിട്ടി കളുണ്ട്, 2 ലക്ഷത്തിന്റെ ചിട്ടികളുണ്ട്, ദിവസേനയുള്ളതുണ്ട്, മാസമുള്ളതുണ്ട്, ആഴ്ചയി ലുള്ളതുണ്ട്. ചിട്ടികളിലെല്ലാം അടയ്ക്കുന്ന ആളുകളുടെ ശേഷി അനുസരിച്ചാണല്ലോ.

"സംസ്ക്കാര" പദ്ധതി

*2 [885] ശ്രീ. പി. കെ. കെ. ബാവ:
,, യു. സി. രാമൻ:
,, സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "സംസ്ക്കാര" എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് ഇതാരംഭിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ?

ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഉണ്ട്.

(ബി) 11-7-2003-ൽ സംസ്ഥാനതല ഉദ്ഘാടനം നടന്നു.

(സി) നമ്മിൽനിന്നും അന്യമായിക്കൊണ്ടിരിക്കുന്ന സൗഹൃദം, സ്നേഹം, സമഭാവന തുടങ്ങിയവ മടക്കിക്കൊണ്ടുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിന് സാംസ്ക്കാരിക ഉന്നമനം നേടുകയേ പോംവഴിയുള്ളൂ. നാം മറന്നുപോയ നമ്മുടെതന്നെ പൈതൃകം വീണ്ടെടുക്കുക എന്നുള്ളതാണ് ആവശ്യം. ഇതിന് ഉതകുന്ന പ്രചരണം എല്ലാ ജനങ്ങളുടേയും സഹകരണത്തോടെ സംഘടിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. സംസ്ഥാനത്തെ സാംസ്ക്കാരിക സ്ഥാപനങ്ങൾ വഴിയാണ് ഈ പ്രചരണ പരിപാടി സംഘടി പ്പിക്കുന്നത്. എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചാണ് ഇത് നടത്തുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് ഇപ്പോൾ എത്ര സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട് എന്നുള്ള കണക്ക് ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ? ഇല്ലെ ങ്കിൽ സംസ്ഥാനത്തെ വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ കണക്കുകൾ ശേഖരിച്ചു കൊണ്ട് പ്രസ്തുത സംഘടനകളെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് സാംസ്ക്കാരിക പദ്ധതി യുടെ പരിധിയിൽ ഉൾപ്പെടുത്തി നമ്മുടെ നാട്ടിൽ സമാധാനവും സൗഹൃദവും കെട്ടിപ്പടുക്കു ന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: സർ, കേരളത്തിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക സംഘടനകളുടെ ശരിയായ കണക്ക് സംസ്ഥാന ഗവൺമെന്റിന്റെ പക്കലില്ല. തീർച്ചയായിട്ടും ആ കണക്ക് എടുക്കാൻ ശ്രമിക്കുന്നതാണ്. നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ധാരാളം സംഘടനകൾ പ്രവർത്തിക്കാറുണ്ട്. പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രവർത്തനം നിശ്ചലമാകാറുണ്ട്. വീണ്ടും ചില സംഘടനകൾ ഉദയം ചെയ്യാറുണ്ട്. ഇതിന് വ്യക്തമായ ഒരു രൂപം സംസ്ഥാന ഗവൺമെന്റിന്റെ കൈയിലില്ല എന്നുള്ളതാണ് വസ്തുത.

ശ്രീ. സി. ടി. അഹമ്മദ് അലി: നമ്മുടെ സംസ്ഥാനം മതസൗഹാർദ്ദ രംഗത്ത് ഇൻഡ്യയ്ക്ക് മാതൃകയായ ഒരു സംസ്ഥാനമാണ്. നമ്മുടെ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്നതിനും അതുപോലെതന്നെ രാഷ്ട്രീയ രംഗത്തും മറ്റുമുള്ള സംഘർഷങ്ങളും സംഘട്ടനങ്ങളും ഒഴിവാക്കുന്നതിനുംവേണ്ടി നമ്മുടെ സാംസ്ക്കാരിക നായകന്മാരേയും അതുപോലെതന്നെ വിവിധ മത പണ്ഡിതന്മാരേയും വിദ്യാർത്ഥികളേയും പൊതുജനങ്ങളേയുമെല്ലാം സംഘടിപ്പിച്ചുകൊണ്ട് കേരളത്തിൽ കൂടുതൽ സൗഹൃദം കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ സാംസ്ക്കാരിക ഘോഷയാത്രകൾ, ബോധവൽക്കരണ പരിപാടികൾ ഓണം, ക്രിസ്തുമസ്, പെരുന്നാളുകൾ, മറ്റ് ആഘോഷ സന്ദർഭങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി ഇത്തരത്തിലുള്ള പരിപാടികൾ നടത്തുവാൻ, ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: സർ, മത സൗഹാർദ്ദത്തിന് ഇൻഡ്യയിൽ ഇന്ന് മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. ഇത് ശരിയാണ്. ഇന്ന് ഇൻഡ്യക്ക് മൊത്തം മാതൃകയായി വർത്തമാന കാലഘട്ടത്തിൽ കേരളം ഉണ്ടോ എന്ന് നാം ആത്മപരിശോധന നടത്തേണ്ട ഒരു കാലമാണ്. വിദ്യാഭ്യാസത്തിന്റെ അടിത്തറയും സാക്ഷരതയും ഉണ്ടെങ്കിൽപ്പോലും പലപ്പോഴും നമ്മിൽ ഇത്തരം സൗഹൃദങ്ങൾ നഷ്ടപ്പെടുന്നു എന്നുള്ളതാണ് സത്യം. വംശനാശം സംഭവിക്കുന്നത് യഥാർത്ഥത്തിൽ നമ്മുടെ മനസ്സിന്റെ നന്മകൾക്കാണ്. അതുകൊണ്ട് എല്ലാ ജനവിഭാഗങ്ങളേയും ഒരുമിച്ചുനിർത്തി എന്നും മതചിന്തകൾക്കതീതമായി സാംസ്ക്കാരിക രംഗത്തെ നേതാക്കന്മാരുടേയും സാംസ്ക്കാരിക പ്രവർത്തകരുടേയും സാധാരണക്കാരുടേയും സഹകരണത്തോടുകൂടി ജനങ്ങളെ സംഘടിപ്പിക്കുക, ഒരുമയിൽ കൊണ്ടുവരിക എന്നുള്ളതാണ് സാംസ്ക്കാരിക പരിപാടികൾകൊണ്ട് പ്രധാനമായും ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, 'നമ്മുടെ മുലപ്പാലിന്റെ ഭാഷയായ മലയാളം', അതുപോലെ 'കൊല്ലരുത് അനിയാ കൊല്ലരുത്', 'നാം മറന്നുപോയ നമ്മുടെ സാംസ്ക്കാരിക പൈതൃകം' തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് കേരളത്തിൽ അങ്ങയുടെ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പരിപാടിക്ക് ബഡ്ജറ്ററി സപ്പോർട്ട് ഉണ്ടോ എന്നു വെളിപ്പെടുത്താമോ?

ശ്രീ. ജി. കാർത്തികേയൻ: സർ, ഈ പരിപാടിക്ക് ബഡ്ജറ്ററി സപ്പോർട്ട് ഇല്ല. ഇതിന് പ്രത്യേകമായി പണം നീക്കിവച്ചിട്ടുമില്ല. നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ തനതുഫണ്ട്, ചെറിയ ഒരു എമൗണ്ട്. ഇത് പഞ്ചനക്ഷത്ര സ്വഭാവമുള്ള കലാപരിപാടികളല്ല. നമ്മുടെ സാംസ്ക്കാരിക സ്ഥാപനങ്ങളുടേയും, സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടേയും നമ്മുടെതന്നെ കലാകാരന്മാരുടേയും പിന്തുണയോടുകൂടി പ്രവർത്തിക്കുകയാണ് ഇതിന്റെ പ്രധാന ഉദ്ദേശ്യം. അതുകൊണ്ട് ഗവൺമെന്റിന്റെ പ്രത്യേകമായ ബഡ്ജറ്ററി സപ്പോർട്ട് ഇതിനില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നമ്മുടെ ഗോത്ര കലകൾ, പ്രാചീന നാടോടി കലകൾ, പ്രാചീന ഗോത്ര വർഗ്ഗ കലകൾ, പട്ടികജാതി വിഭാഗങ്ങളുടെ വിവിധ കലകൾ തുടങ്ങിയ നമ്മുടെ ഫോക് ലോർ കലകൾ പ്രോൽസാഹിപ്പിക്കുവാൻ, ഫോക് ലോർ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്ത് ഈ പരിപാടി എങ്ങനെ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. കാർത്തികേയൻ: സർ, ഈ പരിപാടിയിൽ ഉദ്ദേശിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള എല്ലാ സാംസ്ക്കാരിക സ്ഥാപനങ്ങളേയും സമന്വയപ്പിച്ചുകൊണ്ട് പ്രവർത്തിക്കാനാണ്. അതിൽ നാടൻകലാ അക്കാഡമിക്കാരും പങ്കെടുക്കുന്നുണ്ട്. സംഗീത നാടക അക്കാഡമിയുടെ പങ്കാളിത്തമുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. കളത്തിൽ സൂചിപ്പിച്ചതുപോലെതന്നെ നമ്മുടെ ഉൾനാടൻപ്രദേശങ്ങളിലും താഴ്വാരങ്ങളിലുമുള്ള പട്ടികവർഗ്ഗത്തിന്റേയും സമൂഹത്തിലെ എല്ലാവരുടേയും കലകളും അതോടൊപ്പംതന്നെ ചില പ്രാചീന കലകളും നമുക്കുണ്ട്. ഈ കലകളുടെയെല്ലാം ഒരു പങ്കാളിത്തം ഇതിനകത്തുണ്ട്. അത്തരം കലകളിലൂടെ എങ്ങനെ മനുഷ്യരിൽ സൗഹൃദം വളർത്താം എന്ന് ശ്രദ്ധിക്കുന്നതാണ്. ജനങ്ങളിലേയ്ക്ക് കലകളിലൂടെ സൗഹൃദത്തിന്റേയും, സൗഹാർദ്ദത്തിന്റേയും സഹിഷ്ണുതയുടേയും സന്ദേശമെത്തിക്കുകയെന്നതാണ് പ്രധാനമായും ഉദ്ദേശിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, സഹിഷ്ണുതയുടേയും, മത സൗഹാർദ്ദത്തിന്റേയും വിളനിലമായ സാംസ്ക്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്ന മറ്റേത് സംസ്ഥാനത്തേയും അപേക്ഷിച്ച് വ്യത്യസ്തമായി നിൽക്കുന്ന സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ സാഹചര്യവും അന്തരീക്ഷവും തകർക്കുന്നതിന് ഇവിടെ വർഗ്ഗീയ വിഷലിപ്തമായ പ്രസംഗങ്ങളും പ്രചരണങ്ങളും നടത്തി കേരളത്തിന്റെ സമൂഹ മനഃസാക്ഷിയെത്തന്നെ മൊത്തമായി മാറ്റിയെടുത്തുകൊണ്ട് ഛിദ്രത ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം നടത്തുന്ന ഈ ഘട്ടത്തിൽ സാംസ്ക്കാരിക പ്രവർത്തനങ്ങൾ വളരെയേറെ അനിവാര്യമാണ്. ഫലപ്രദമായി ഇത്തരം നീക്കങ്ങളെ തകർക്കുന്നതിനും ജനങ്ങളെ ഒറ്റക്കെട്ടായി നിർത്തുന്നതിനും ഫലപ്രദമായ എന്തു നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ?

ശ്രീ. ജി. കാർത്തികേയൻ: സർ, പ്രധാനമായും ഉദ്ദേശിക്കുന്നത് ജനങ്ങളിൽ സൗഹാർദ്ദം വളർത്തിയെടുക്കുക എന്നുള്ളതുതന്നെയാണ്. കരിങ്കല്ലിനെപ്പോലും കരയിപ്പിക്കാൻ കഴിയുന്നതാണ് കല. ചികിത്സയ്ക്ക് സംഗീതം ഉപയോഗിക്കുന്നു. ഏറ്റവും കൃഷി നന്നാകാൻവേണ്ടി സോവിയറ്റ് യൂണിയനിൽ സംഗീതം ഉപയോഗിക്കുന്നു. സംഗീതം സാന്ത്വനത്തിന്റെ ശബ്ദമാണ്. ഏറ്റവും കൂടുതൽ പാൽ ചുരത്തുന്നതിനുവേണ്ടി മൃഗങ്ങളെ വളർത്തുന്ന സ്ഥലത്ത് സംഗീതം ഉപയോഗിക്കുന്നു. ഞാൻ ഉദാഹരണത്തിന് സൂചിപ്പിച്ചു എന്നേയുള്ളൂ. ഭാഷ വേണ്ടാത്തത് സംഗീതത്തിനും കലയ്ക്കും മാത്രമാണ്. അതുകൊണ്ട് സംഗീതംപോലെയുള്ള കലകളിൽ, പെർഫോമിംഗ് ആർട്സ്, പാരമ്പര്യ ഇനങ്ങൾ, പ്രഭാഷണങ്ങൾ, എന്നിവയെല്ലാം ഇതിനകത്ത് വരും. വെള്ളത്തിന് തീ പിടിപ്പിക്കുന്ന പ്രഭാഷണങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട്. വെള്ളത്തിന് തീ പിടിപ്പിക്കുന്ന പ്രഭാഷണങ്ങൾ. പ്രഭാഷണങ്ങളിലൂടെയും വാക്കുകളിലൂടെയും മനുഷ്യന്റെ മനസ്സിലേയ്ക്ക് സൗഹൃദം മാത്രമല്ല, അവനിൽ വളർന്നുവരുന്ന പകയില്ലാതാക്കുന്നതിനും മറ്റുംവേണ്ടി കലകളെ എങ്ങനെ സമന്വയിപ്പിച്ച് കൂട്ടുപിടിക്കാം എന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇവിടെയിപ്പോൾ ജനങ്ങളെല്ലാവരും ഓരോ ചേരി വച്ചിരിക്കുകയാണ്. രാഷ്ട്രീയത്തിന്റേയോ ജാതിയുടേയോ കക്ഷിയുടേയോ മതത്തിന്റേയോ ഒക്കെ പേരിൽ വ്യത്യസ്തമായ ചേരികളിൽ നിർത്തിക്കൊണ്ട് മനുഷ്യ മനസ്സാക്ഷിയെ ഒന്നായി കാണാനുള്ള മനസ്സുപോലും നഷ്ടപ്പെട്ട ഈ സാഹചര്യത്തിൽ ഈയിടെ സംസ്ഥാനതലം മുതൽ ജില്ലാതലം, ഗ്രാമതലം വരെയുള്ള എല്ലാ ജനവിഭാഗങ്ങളുടേയും പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട്, അവരെ ഒറ്റക്കെട്ടായി അണിനിരത്തിക്കൊണ്ട് ഇതിനെതിരെ ശക്തമായി ജനമനസ്സുകളെ ഒന്നായി കോർത്തിണക്കുന്ന വിധത്തിൽ ഒറ്റക്കെട്ടായ ഒരു സ്ഥിരം സംവിധാനമുണ്ടായാൽ ഏതു പ്രശ്നമുണ്ടാകുമ്പോഴും ഓടിയെത്തി ആ പ്രശ്നം പരിഹരിക്കുന്നതിനും സൗഹൃദം നിലനിർത്തുന്നതിനും ആവശ്യമായ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് സാധിക്കും. സംസ്ഥാന, ജില്ലാ, ഗ്രാമതലം വരെയുള്ള എല്ലാ വിഭാഗം ജനങ്ങളേയും ഉൾപ്പെടുത്തി സ്ഥിരം സൗഹൃദ സമിതി രൂപീകരിക്കാൻ ഗവൺമെന്റ് എന്തെങ്കിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

മി. സ്പീക്കർ: ഈ സമിതികൊണ്ട് വല്ല കാര്യവുമുണ്ടോ?

ശ്രീ. ജി. കാർത്തികേയൻ: ഉണ്ട്, സംസ്ഥാന തലത്തിലെ ഒരു പരിപാടി കഴിഞ്ഞമാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനും സാംസ്കാരിക സ്ഥാപനങ്ങളിലെ ആളുകൾ വൈസ്ചെയർമാനും ഡിസ്ട്രിക്ട് ഇൻഫർമേഷൻ ഓഫീസർമാർ കൺവീനറുമായി ആ പ്രദേശങ്ങളിലെ സാംസ്കാരിക രംഗത്തെ പ്രവർത്തകരെ, സാംസ്കാരിക നായകർ, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള ആളുകളെ, സംഘടിപ്പിച്ചുകൊണ്ട് ഗ്രാമതലങ്ങളിൽ പരിപാടികൾ നടത്തുകയാണ്. അതുമാത്രമല്ല, ഏതെങ്കിലുമൊരു കാലയളവിൽ, ഈ സംവിധാനമുണ്ടായതിനുശേഷം അടുത്ത ആഴ്ചത്തേയ്ക്കു മാത്രമല്ല ഇത്, കേരളംപോലുള്ള സംസ്ഥാനത്ത് നമ്മുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറയുണ്ടെങ്കിലും സ്ഥിരമായി ഒരു ബോധവൽക്കരണത്തിന്റെ ആവശ്യം ഇൻഡ്യയിൽ മറ്റേത് സംസ്ഥാനത്തേക്കാളും ആവശ്യം ഇന്ന് കേരളീയർക്കാണെന്നുള്ളത് നമ്മുടെ ഏറ്റവും വലിയ ദുഃഖം തന്നെയാണ്. അതുകൊണ്ട് ഒരു സ്ഥിരം പരിപാടി എന്നുള്ള നിലയിൽ ആഗ്രഹിക്കുന്നില്ലെങ്കിൽപ്പോലും ഇത് ആവശ്യമുള്ള കാലത്തോളം സാംസ്കാരിക സമിതിയുടെ പ്രവർത്തനങ്ങൾ എല്ലാവരുടേയും സഹകരണത്തോടുകൂടി നിലനിർത്തണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, വിവിധ മതവിശ്വാസങ്ങൾ പുലർത്തിക്കൊണ്ടുതന്നെ പരസ്പര സ്നേഹവും വിശ്വാസവും ഊട്ടിയുറപ്പിക്കുവാൻ നമുക്ക് ഇന്നുവരെ കഴിഞ്ഞിട്ടുണ്ട്. കേരളം നൂറ്റാണ്ടുകളായി പുലർത്തിക്കൊണ്ടുവന്ന മതസൗഹാർദ്ദവും ഐക്യവും എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റിയതാണ്. ഇന്ന് നമ്മുടെ സൗഹാർദ്ദവും സ്നേഹവും സമഭാവനയും മടക്കിക്കൊണ്ടുവരേണ്ടതിന് പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുകയാണ്. ഇത് സാക്ഷരതയിലും വിദ്യാഭ്യാസത്തിലും മുന്നിട്ടുനിന്ന കേരളത്തിനുതന്നെ അപമാനകരമാണ്. ഇത്തരം സാഹചര്യം എങ്ങനെയുണ്ടായി എന്ന് പഠിക്കുവാനും ഇത്തരം ദുഃസ്ഥിതിയിലേയ്ക്ക് കേരളത്തെ നയിക്കുന്ന ഒരു സാഹചര്യം കാലേക്കൂട്ടിത്തന്നെ ഇല്ലാതാക്കാനും എന്തെങ്കിലും വ്യക്തമായ പരിപാടികൾ ഈ പദ്ധതിയുടെ കീഴിൽ ആവിഷ്ക്കരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ഇത്തരം ഒരു സാഹചര്യം വന്നതിന്റെ പോസ്റ്റ്മോർട്ടത്തിലേയ്ക്ക് ഞാൻ കടന്നുപോകുന്നില്ല. പോസ്റ്റുമോർട്ടംകൊണ്ട് മരണകാരണം മാത്രമേ കിട്ടുകയുള്ളൂ. ജീവൻ തിരിച്ചുകിട്ടുകയില്ല. അപ്പോൾ അത് നോക്കാതെയിരിക്കുക എന്നതു മാത്രമാണ് പറയാനായിട്ടുള്ളത്. ഒരു തിരിച്ചറിവിനുള്ള സന്ദർഭമാണിത്. സ്വയം ചോദ്യങ്ങൾ ചോദിക്കുവാൻ, സ്വയം ചോദ്യങ്ങൾ, ചോദിക്കുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയും തിരിച്ചറിവിലേയ്ക്ക് പോവുകയും ചെയ്യുന്ന ഒരവസ്ഥയിൽനിന്നും മലയാളി പുറകോട്ടു പോകുന്നു. അതുകൊണ്ട് അഹങ്കരിക്കുന്ന മലയാളിതന്നെ തിരിച്ചറിവിന് സ്വയം മനസ്സുകളെ പാകമാക്കണം. ഗവൺമെന്റിന് അങ്ങനെ അഭ്യർത്ഥിക്കാൻ കഴിയില്ലെങ്കിൽപ്പോലും അത്തരമൊരു അഭ്യർത്ഥന ഗവൺമെന്റ് വയ്ക്കുകയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, മനുഷ്യന്റെ മനസ്സുകളിൽ വിദ്വേഷത്തിനിടമില്ലാത്ത വിധത്തിൽ സ്നേഹത്തിന്റെ, സൗഹാർദ്ദത്തിന്റെ സന്ദേശമെത്തിക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യമായി മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതിൽ കലകൾക്ക് പ്രധാനപ്പെട്ട പങ്കുണ്ട്. കലകളിലെ സംഗീതത്തിനും പ്രധാനമായ പങ്കുണ്ട്. അതുകൊണ്ടുമാത്രം ജനകീയ കൂട്ടായ്മ ഉണ്ടാക്കുവാനും ജനങ്ങളെ മുഴുവൻ വർഗ്ഗീയ വിപത്തിനെതിരെ ഒന്നിപ്പിക്കുവാനും കഴിയില്ല. അപ്പോൾ എല്ലാ വേദികളും നമ്മൾ ഇതിനുവേണ്ടി ഉപയോഗിക്കേണ്ടതുണ്ട്. പ്രചരണവും ബോധവൽക്കരണവുമാണ് ഇതിന് അത്യാവശ്യമായത്. നമുക്ക് പഞ്ചായത്തുകളുടെ കീഴിൽ അയൽക്കൂട്ടങ്ങളുണ്ട്, ഇവയെയൊക്കെ ഉപയോഗിച്ചുകൊണ്ട് ഗ്രാമീണ മനസ്സുകളിലേയ്ക്ക് ഈ സന്ദേശം എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അങ്ങ് ഒരു പ്രധാനപ്പെട്ട ചോദ്യമാണ് ഉന്നയിച്ചത്. കലകളിലൂടെയും സംഗീതത്തിലൂടെയും സൗഹാർദ്ദം വളർത്തിയെടുക്കുക. അദ്ദേഹം പറഞ്ഞത് ശരിയാണ്, കേരളത്തിന്റെ സാമുദായിക സൗഹാർദ്ദം തകർത്തത് കലകളോ സംഗീതമോ സാംസ്ക്കാരിക നായകൻമാരോ അല്ല, കേരളത്തിന്റെ ഈ അന്തരീക്ഷം നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം നമുക്കുതന്നെയുണ്ട്. ഇവിടെ അരുതാത്തത് നടക്കുമ്പോൾ കേരളത്തിലെ എല്ലാ വിഭാഗത്തിലുമുള്ള ആളുകൾ അതിനെ ആഘോഷിക്കുകയാണ്, ഒരു ഉത്സവമായി കൊണ്ടാടുന്നു. അതാണ് ഏറ്റവും പ്രധാനം. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇതിന്റെ ഉത്തരവാദിത്വം കലാകാരന്മാർക്കും സാംസ്ക്കാരിക നായകന്മാർക്കും വിട്ടുകൊടുക്കാതെ കേരളത്തിലെ ജനനേതാക്കൾകൂടി ഇത് വിലയിരുത്തണം. സാമുദായിക നേതാക്കന്മാർ ഇത് കണ്ടെത്തണം, മതങ്ങൾ ഇത് കണ്ടെത്തണം. മതങ്ങളെ വ്യാഖ്യാനിക്കുന്ന ആളുകളും ആ ഉത്തരവാദിത്വ ബോധത്തിലേയ്ക്ക് ഉയർന്നുവരണം.

ശ്രീ. സാജു പോൾ: സർ, വിവര വിപ്ലവയുഗത്തിൽ പുതിയ മാധ്യമ സംസ്ക്കാരം, അണുകുടുംബ സംസ്ക്കാരം, ഫാസ്റ്റ് ഫുഡ് സംസ്ക്കാരം, ഫ്ളാറ്റ് സംസ്ക്കാരം, മതമൗലികവാദ സംസ്ക്കാരം, പ്രതിസന്ധി സംസ്ക്കാരം, ഇങ്ങനെ ഈ സംസ്ക്കാരത്തിന്റെ സങ്കൽപ്പങ്ങളും നിർവ്വചനങ്ങളും വളരെയേറെ മാറിപ്പോയിരിക്കുകയാണ്. അപ്പോൾ ഇത്തരം നൂതന പ്രവണതയെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയാണോ സംസ്ക്കാര പദ്ധതി ആരംഭിച്ചത്, മലയാളത്തിന്റെ ഗന്ധവും മലയാളത്തിന്റെ മാധുര്യവും മണ്ണിന്റെ ഗന്ധവുമൊക്കെ സംരക്ഷിക്കത്തക്കവിധത്തിൽ ഈ പദ്ധതിയെ വൈവിദ്ധ്യവൽക്കരിക്കാൻവേണ്ടി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: ഇത്തരം ഒരു പരിപാടി ആവിഷ്ക്കരിച്ച പശ്ചാത്തലം ഞാൻ നേരത്തെ പറഞ്ഞതാണ്. തീർച്ചയായും ഇതിനോടൊപ്പംതന്നെ മലയാളത്തിന്റെ ഗന്ധവും മലയാളത്തിന്റെ ഭാഷയും നിലനിൽക്കുന്നതിനുവേണ്ടിക്കൂടിയുള്ള ശ്രമങ്ങൾ ഇതിന്റെ ഭാഗമായി നടത്തും.

ശ്രീ. കെ. കെ. ഷാജു: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ കൊട്ടിഘോഷിക്കപ്പെട്ട് ആരംഭിച്ച, നമ്മുടെ പൊതുഖജനാവ് കൊള്ളയടിച്ച മാനവീയം പരിപാടി നമുക്കറിയാം. ഈ കേരളത്തിനകത്തു തന്നെയുള്ള സാഹിത്യകാരന്മാരേയും കലാകാരന്മാരേയുമെല്ലാം വിശ്വാസത്തിലെടുത്ത്, (കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡൽഹിയിൽനിന്നും പ്ലെയിനിൽ ഇവിടെവന്ന് ലക്ഷങ്ങൾ കൊണ്ടുപോയി) കേരളത്തിനകത്തുള്ള കലാകാരന്മാരേയും സാഹിത്യകാരന്മാരേയും വിശ്വാസത്തിലെടുത്ത് ഇവിടെയുള്ള നമ്മുടെ ജനമനസ്സുകളിൽ സമഭാവന സൃഷ്ടിക്കാൻ കഴിയുന്ന പദ്ധതികൾക്കും പ്രവൃത്തികൾക്കും നേതൃത്വം നൽകാൻ ശ്രദ്ധിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: മുമ്പ് നടന്ന മാനവീയവും സംസ്ക്കാരവും തമ്മിൽ യാതൊരു ബന്ധവുമില്ല. പുതിയ നൂറ്റാണ്ടിന്റെ പിറവി സമയത്ത് മറ്റു രാജ്യങ്ങൾ കൈകൊടുത്തും നമസ്ക്കാരം നൽകിയും സ്വീകരിച്ച മാനവീയത്തെ ഒരു കോടി രൂപയുടെ ബഡ്ജറ്റ് സപ്പോർട്ടോടുകൂടി സ്വീകരിക്കാനാണ് കേരള മന്ത്രിസഭ അന്ന് തീരുമാനിച്ചത്. അവർ പഞ്ചനക്ഷത്രമെന്നു പറഞ്ഞു, ഞാനതിനെ ആക്ഷേപിക്കുകയല്ല, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വൻകിട താരങ്ങളെ, അവർ മോശമെന്നല്ല, പക്ഷേ അവരെയൊക്കെ കേരളത്തിൽ കൊണ്ടുവന്ന് നടത്തിയതുപോലുള്ള ഒരു പഞ്ചനക്ഷത്ര സ്വഭാവമുള്ള കലാപരിപാടി ഇതിൽ ഉദ്ദേശിക്കുന്നില്ല, എന്നു മാത്രമല്ല, അതിനുള്ള പണവുമില്ല, കേരളത്തിലെ കലാകാരന്മാരേയും കലാകാരികളേയും സാംസ്ക്കാരിക പ്രവർത്തകരേയും നേതാക്കന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേകമായ സാമ്പത്തിക ബാധ്യതയോ ചെലവുകളോ ഒന്നുമില്ലാതെതന്നെ കേരളത്തിനുള്ളിൽ നിന്നുകൊണ്ടുതന്നെ പരിപാടികൾ സംഘടിപ്പിക്കുക. അതിന്റെ അർത്ഥം കേരളത്തിനു പുറത്തുള്ള കലാകാരന്മാരോടുള്ള അനാദരവല്ല, പക്ഷേ അത്തരം പദ്ധതികളൊന്നും ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ മാനവീയം പരിപാടിക്ക് ഒരു കോടി രൂപ ആദ്യം ബഡ്ജറ്റ് സപ്പോർട്ട് കൊടുത്തുവെങ്കിൽ പിന്നെ സപ്ലിമെന്ററി ഗ്രാന്റിലൂടെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വൻകിട പങ്കാളിത്തത്തോടുകൂടി നടത്തിയ മാനവീയവും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല. ഇത് മാനവീയത്തിന് ബദൽ അല്ല, "സംസ്ക്കാര" എന്ന മറ്റൊരു പരിപാടിയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു നാം മറന്നു പോയ സൗഹൃദം, നമ്മുടെ സംസ്ക്കാരം, മനുഷ്യത്വം തുടങ്ങിയവ തിരിച്ചുകൊണ്ടുവരികയാണ് ഉദ്ദേശമെന്ന്. അത് നല്ല ഉദ്ദേശമാണ്. ഒരു പരിഷ്കൃതയുഗത്തിൽ, സാംസ്ക്കാരിക സമൂഹത്തിൽ right to protest ഉണ്ടോ? Right to protest ഉണ്ടെങ്കിൽ പ്രതിഷേധിക്കുന്നവരുടേയും സമൂഹത്തിന്റേയും അധികാരത്തിന്റേയും സമീപനം എന്തായിരിക്കും? കേരളത്തിലെ എല്ലാ പ്രൊട്ടസ്റ്റുകളേയും ക്രൂരമായി അടിച്ചമർത്തുന്നു, ഭീകരമായി തല്ലിയൊതുക്കുന്നു, എവിടേയും ചോര വീഴ്ത്തുന്നു, ഈ സ്ഥിതിക്ക് മാറ്റം വരുത്തിക്കൊണ്ട് പോലീസിനെ പ്രതിഷേധകരുടെ മുമ്പിൽ പാലിക്കേണ്ടുന്ന മര്യാദ പഠിപ്പിക്കാനുള്ള പദ്ധതിയുണ്ടാകുന്ന സംസ്ക്കാരത്തെപ്പറ്റി നമുക്കറിയണം. അത് തീർച്ചയായും ഇതിന്റെ ഭാഗംതന്നെയാണ്. ഈ 'സംസ്ക്കാര'യുടെ ഭാഗമായി പോലീസിനെ മാനുഷിക പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്ന് പരിശീലിപ്പിക്കാൻ സാധിക്കുമോ എന്ന് അറിയണം.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ: പരിഷ്കൃത സമൂഹത്തിൽ മാത്രമല്ല, ഏത് സമൂഹത്തിലും ജനാധിപത്യം ഉണ്ടെങ്കിലും ഇല്ലെങ്കിലും right to protest അംഗീകരിച്ചു കൊടുക്കേണ്ടതു തന്നെയാണ്. കേരളത്തിലും പ്രതിഷേധിക്കാനുള്ള ആരുടേയും അവകാശത്തെ ആരും ചോദ്യം ചെയ്തിട്ടില്ല. മർമ്മപ്രധാനമായ കാര്യം ഏതിൽ പ്രതിഷേധിക്കുക എന്നുള്ളതാണ്, എന്തിനെതിരെ പ്രതിഷേധിക്കുക എന്നുള്ളതാണ്.

മി. സ്പീക്കർ: എങ്ങനെ പ്രതിഷേധിക്കുക എന്നുള്ളതുമുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: അതേ, എങ്ങനെ പ്രതിഷേധിക്കുക എന്നുള്ളതുമുണ്ട്. അരനിക്കറും ഉടുപ്പുമിട്ടുവന്ന 12 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ഈ രാജ്യത്ത് ഒന്നും അറിയില്ല. അവരുടെ പ്രതിഷേധം ബഹുമാനിക്കുന്നു, പക്ഷേ ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ബഹുമാനപ്പെട്ട ബിനോയ് വിശ്വത്തിന്റെ ചോദ്യം നിങ്ങൾക്കും മനസ്സിലായി, എനിക്കും മനസ്സിലായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും കടന്നു പോകുന്നില്ല. പക്ഷേ സാംസ്ക്കാരിക വകുപ്പിന്റെ പരിപാടിയുടെ കാര്യങ്ങളിലേയ്ക്ക് വരുമ്പോൾ പെട്ടെന്ന് നമ്മുടെയെല്ലാം മനസ്സുകളിലൂടെ ഓടിപ്പോകുന്നത് ഇവിടെ മാനവീയത്തിന്റെ ഉദ്ഘാടന ദിവസം തലതല്ലി തകർന്നുകിടന്ന 10-15 വിദ്യാർത്ഥികളുടെ കാര്യമാണ്. ഞാൻ അതു മാത്രമേ പറയുന്നുള്ളൂ.

ശ്രീ. കെ. മോഹൻ കുമാർ: സർ, നാം മറന്ന നമ്മുടെ സാംസ്ക്കാരിക പൈതൃകം വീണ്ടെടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ കേട്ടത് വളരെ സന്തോഷകരമാണ്. പക്ഷേ അതിന്റെ സംരക്ഷണം സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥന്മാരേയും ഏൽപ്പിക്കുന്നു എന്നുള്ളത് ഉത്കണ്ഠാകുലവുമാണ്. ഈ പൈതൃകത്തെക്കുറിച്ച് പറയുമ്പോൾ ഞെരളത്തു രാമപ്പൊതുവാളിന്റേയും പല്ലാവൂർ അപ്പുമാരാരുടേയും പൈതൃകം, അങ്ങ് ദേവസ്വം വകുപ്പ് മന്ത്രികൂടിയാണല്ലോ, ആ പൈതൃകത്തിന്റെ ധാരകൾ ശോഷിച്ച്ശോഷിച്ച് പോകുകയാണ്. നമ്മുടെ ക്ഷേത്ര കലാപീഠത്തിന്റേയും മറ്റു സ്ഥാപനങ്ങളുടേയുമൊക്കെത്തന്നെ സംഭാവനകളെ ഞാൻ ചുരുക്കി കാണാൻ ആഗ്രഹിക്കുകയല്ല. എങ്കിലും ഇവിടെ ശ്രീ. കെ. കെ. ഷാജു സൂചിപ്പിച്ചതുപോലെ ലക്ഷങ്ങൾ പൊടിപൊടിച്ച്, ഉത്തരേന്ത്യൻ കലാകാരന്മാർക്ക് വിമാന ടിക്കറ്റുകൾ നൽകി അവരെ ആദരിച്ചു കൊണ്ടുവന്ന ആ ഉദ്യോഗസ്ഥ മാനവീയ മാമാങ്കങ്ങൾക്കു പകരമായി നമ്മുടെ തനതു കലാകാരന്മാർക്ക് അതുപോലെ നാടൻ കലാകാരന്മാർക്ക് പ്രോൽസാഹനം നൽകുന്ന ഒരു സാംസ്ക്കാരിക പൈതൃകം പ്രോൽസാഹിപ്പിക്കുവാൻ ബോധപൂർവ്വമായ നടപടികൾ മന്ത്രിയുടെ ഭാഗത്തു നിന്നും ഉണ്ടാകുമോ?

ശ്രീ. ജി. കാർത്തികേയൻ: ഈ പരിപാടികളിലൊന്നും ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടില്ല. അങ്ങനെ ഉദ്യോഗസ്ഥന്മാർ അവഗണിക്കപ്പെടേണ്ട ഒരു വിഭാഗമല്ല. ഇത് അവരെ കൊണ്ടല്ല നടത്തുന്നത്. അതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള സംവിധാനങ്ങളെല്ലാമുണ്ട്. സംസ്ഥാനതലത്തിൽ അതിന്റെ ചെയർമാൻ മന്ത്രിയാണ്. സാംസ്ക്കാരിക സെക്രട്ടറി വൈസ്ചെയർമാനാണ്. കൺവീനർ എന്നു പറയുന്നത് ഡോ. എ.ആർ. തമ്പാനാണ്. അദ്ദേഹം ഒരു പ്രത്യേക സ്ഥാനത്തിൽ ഇരിക്കുന്ന ആളല്ല. അതാതു പ്രദേശത്തെ സാംസ്ക്കാരിക സ്ഥാപനങ്ങളിലെ അധിപന്മാരാണ് ഈ പരിപാടിയുമായി മുന്നോട്ടു നീങ്ങുന്നത്. മറ്റൊന്ന്, കേരളത്തിലെ പാരമ്പര്യവും അല്ലാത്തതുമായ കലാകാരന്മാരേയും

കലാകാരികളേയും സംഘടിപ്പിച്ചുകൊണ്ടുള്ള പരിപാടികൾ മാത്രമേ നടത്താൻ ഉദ്ദേശിക്കുന്നുള്ളൂ. അതിന് കേരളത്തിന്റേതായ ശരിയായ ഒരു പങ്കാളിത്തം ഉണ്ടാകും. നമ്മുടെ തോറ്റമാകട്ടെ, തുള്ളലാകട്ടെ, അതല്ലെങ്കിൽ കോൽക്കളിയാകട്ടെ, മാർഗ്ഗംകളിയാകട്ടെ, ഒപ്പനയാകട്ടെ, കഥകളിയാകട്ടെ, അതുപോലെ വാദ്യസംഗീതം, ചിത്രകല, ശിൽപ്പങ്ങൾ എല്ലാറ്റിനും കേരളത്തിന് അതിമഹത്തായ, സമ്പന്നമായ ഒരു പൈതൃകവും പാരമ്പര്യവുമുണ്ട്. പ്രശസ്തരായ എല്ലാ രംഗത്തേയും കലാകാരന്മാരും കലാകാരികളും കേരളത്തിലുണ്ട്. അവരുടെ സംഭാവനകളേയും അവരുടെ മികവിനേയും അവരുടെ പ്രതിഭയേയും പൂർണ്ണമായി പ്രയോജനപ്പെടുത്തിത്തന്നെയായിരിക്കും പരിപാടി നടത്തുന്നത്. അതല്ലാതെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റ് പ്രവർത്തനങ്ങൾപോലെ മാറുന്ന പ്രശ്നമേയില്ല. ഞാൻ നേരത്തെ പറഞ്ഞു, ഇത് മാനവീയം പരിപാടിക്ക് ബദലായിട്ടുള്ളതല്ലയെന്ന്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ കേരളത്തിന്റെ സംസ്ക്കാരത്തെ സംബന്ധിച്ചും മതമൈത്രിയെ സംബന്ധിച്ചുമെല്ലാംതന്നെ ഇവിടെ എടുത്തു പറയുകയുണ്ടായി. അതിന് സഹായകമായ നിലയിൽ സംഗീതം വളരെയധികം ഉപകാരപ്പെട്ടുകൊണ്ടിരിക്കുന്നു. സംഗീതം ഇവിടെ മാത്രമല്ല, സോവിയറ്റ് യൂണിയനിൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി, മറ്റു ചില സ്ഥലങ്ങളിൽ മഴ പെയ്ത് വെള്ളം ഉണ്ടാക്കുന്നതിനുവേണ്ടിയും എല്ലാംതന്നെ സംഗീതം ഉപകാരപ്പെടുമെന്ന് പറയുന്നു. അങ്ങനെ കൃഷി അഭിവൃദ്ധിപ്പെടുത്താൻ സംഗീതം ഉപയോഗിക്കുന്നതോടൊപ്പംതന്നെ, അന്ധകവിത്തുകൾ പ്രചരിപ്പിച്ചുകൊണ്ട് കൃഷിയെ തകർക്കുന്ന ശക്തികളുമുണ്ട്. അങ്ങ് മനസ്സിലാക്കുമെന്ന് ഞാൻ ആശിക്കുന്നു. ഭാരതീയ ജനതാപാർട്ടി എന്നാണ് ബി.ജെ.പി.-യുടെ ഫുൾഫോം. അതിൽനിന്ന് മനസ്സിലാക്കേണ്ടത് എന്താണെന്നുവച്ചാൽ, അതിനെതിരായിട്ടുള്ള സംസ്ക്കാര വിരുദ്ധമായ ശക്തികൾ, അതിശക്തമായ നിലയിൽ കേരളത്തിലും ഇൻഡ്യയിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന് വരുമ്പോൾ സംഗീതം അവർക്കുമുണ്ട്. ന്യൂനപക്ഷ, ഭൂരിപക്ഷ ശക്തികൾക്കും സംഗീതമുണ്ട്. അതേപോലെയുള്ള ശക്തികൾക്കും, അവരുടെ ആശയഗതിക്കനുസരിച്ചുള്ള നല്ല ഒന്നാന്തരം മധുരമായ പാട്ടുകൾ നിർമ്മിക്കുന്നവർക്ക് അവാർഡുകൾ ഉണ്ട്. അപ്പോൾ ആ നിലയിൽ മതേതര ജനാധിപത്യ ശക്തികളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്ന സംഗീതത്തിന് ഈ ഗവൺമെന്റ് പ്രയോറിറ്റി നൽകുകയും അങ്ങനെയുള്ളവരെ പ്രോൽസാഹിപ്പിക്കുകയും ചെയ്തുകൊണ്ട് കേരളത്തിന്റെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ക്കാരിക പൈതൃകം വീണ്ടെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: നമ്മൾ അങ്ങനെ ചെയ്യുന്നുണ്ട്. സംഗീതത്തെ പ്രോൽസാഹിപ്പിക്കുന്നതിന് നമ്മൾ 1,00,000 രൂപയുടെ സ്വാതിതിരുനാൾ പുരസ്ക്കാരം കൊടുക്കുന്നുണ്ട്. ചിത്രകലയ്ക്കും ശിൽപ്പകലയ്ക്കും നമ്മൾ 1,00,000 രൂപയുടെ രവിവർമ്മ പുരസ്ക്കാരം കൊടുക്കുന്നു. കഥകളിക്ക് 1,00,000 രൂപയുടെ കഥകളി പുരസ്ക്കാരം കൊടുക്കുന്നു. സാഹിത്യത്തിന് 1,00,000 രൂപയുടെ എഴുത്തച്ഛൻ അവാർഡ് കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം മോഹൻകുമാർ നേരത്തേ വാദ്യകലയുടെ കാര്യം പറഞ്ഞു. ഇൻഡ്യയിൽ ആദ്യമായി, കേരളത്തിൽ ആദ്യമായി നമ്മുടെ വാദ്യകലയ്ക്ക് 1,00,000 രൂപയുടെ പുരസ്ക്കാരം അന്തരിച്ച ശ്രീ. പല്ലാവൂർ അപ്പുമാരാരുടെ പേരിൽ ഈ ഗവൺമെന്റ് ഈ വർഷം മുതൽ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ നമ്മുടെ കലകളെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഇത്തരം പുരസ്ക്കാരങ്ങൾ ഇന്ന് കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുണ്ട്. രോഗത്തിന്റെ ചികിത്സയ്ക്കും അതുപോലെതന്നെ കാർഷിക മേഖലയുടെ വളർച്ചയ്ക്കും കൂടുതൽ വിത്തും ഫലവും ഉൽപ്പാദിപ്പിക്കുന്നതിനുമൊക്കെ സംഗീതം സഹായിക്കും എന്നുള്ളത് ആധുനിക ശാസ്ത്ര സാങ്കേതിക മേഖലയുടെ കണ്ടെത്തലുകളാണ്. ഞാൻ സംഗീതത്തിന്റെ, കലാരൂപത്തിന്റെ വ്യത്യസ്തമായ സാദ്ധ്യതകൾ സൂചിപ്പിക്കുന്നതിനുവേണ്ടി ആ ഭാഗം എടുത്തു പറഞ്ഞു എന്നേയുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ പൂർണ്ണമായ അർത്ഥത്തിൽത്തന്നെ എടുത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അത്തരം കാര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതാണ്.

ശ്രീ. എ. എൻ. രാജൻബാബു: സർ, രാഷ്ട്രീയക്കാർക്കും ഭരണാധികാരികൾക്കും ഉത്തമമാതൃകയ്ക്കുവേണ്ടി പുരാണങ്ങളിലേയ്ക്ക് പോകേണ്ടിയിരിക്കുകയാണ്. പട്ടാഭിഷേകം നടത്താനിരിക്കവേ മരവുരി ധരിച്ച് വനത്തിലേയ്ക്ക് പോകുന്ന ശ്രീരാമന്റെ പാദുകങ്ങൾകൊണ്ട് ഭരതൻ രാജ്യഭാരം നടത്തുകയും വനത്തിൽ പോകേണ്ടിവന്നിട്ടും ഭരതന് ശ്രീരാമൻ നല്ല ഭരണത്തിന് ഉപദേശം കൊടുക്കുകയും ചെയ്തതായി പുരാണങ്ങളിൽ പറയുന്നുണ്ട്. അതുപോലെതന്നെ, കൗരവപക്ഷത്തുനിന്നും കർണ്ണനെ കൊണ്ടുവരുന്നതിന് അമ്മയും ഭഗവാൻ കൃഷ്ണനും ശ്രമിച്ചിട്ടും കൗരവപക്ഷം വിടുന്നില്ല. ഇത്തരം സന്ദേശങ്ങൾ രാഷ്ട്രീയക്കാർക്ക് നൽകുന്നതിനുവേണ്ടിയുള്ള പരിപാടികൾ ഗവൺമെന്റ് ആസൂത്രണം ചെയ്യുമോ?

ശ്രീ. ജി. കാർത്തികേയൻ: ഈ വർഷംമുതൽ പുരാണങ്ങളിലേയ്ക്കും ഇതിഹാസങ്ങളിലേയ്ക്കും മനുഷ്യൻ മടങ്ങുന്നത് നന്നായിരിക്കും. അതിൽ ഒരുപാട് അർത്ഥങ്ങൾ ഉണ്ട്. ഇപ്പോൾ രാമായണ മാസമാണ്. അങ്ങ് പറഞ്ഞ പ്രത്യേകതകൾ മാത്രമല്ല, രാമനും രാവണനും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾ രാവണന്റെ ആയുധങ്ങളെല്ലാം ഇല്ലാതായി. നീതിമാനായ ശ്രീരാമൻ പറഞ്ഞത് അങ്ങ് പോയി ആയുധം അണിഞ്ഞു വരാനാണ്. നിരായുധനായി നിൽക്കുന്ന ശത്രുവിനെപ്പോലും നേരിടാതിരുന്ന ശ്രീരാമന്റെ കാര്യം ഓർക്കുന്നതാണ് ഇപ്പോൾ നല്ലത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിക്കുന്ന പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നത് ഏതൊക്കെ വിഷയങ്ങളിൽ ആരൊക്കെയാണ് എന്ന് വല്ല മാനദണ്ഡവും നിശ്ചയിച്ചിട്ടുണ്ടോ? 'സംസ്ക്കാര' എന്ന പദ്ധതി പ്രകാരം നമ്മുടെ നാട്ടിൽ വളർന്നു വരുന്ന വർഗ്ഗീയതയ്ക്കും തീവ്രവാദത്തിനും ജാതീയതയ്ക്കും എതിരെ ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വല്ല ലഘുലേഖയും തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? ഇല്ലെങ്കിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ലഘുലേഖ തയ്യാറാക്കുന്നതിനുവേണ്ടി പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അംഗം ചോദിച്ചത് സാംസ്ക്കാരിക വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളെപ്പറ്റിയാണ്. കേരളത്തിൽ അത്യാവശ്യമായി പുറത്തിറക്കണമെന്ന് ആഗ്രഹിക്കുന്ന നല്ല നിലവാരമുള്ള പുസ്തകങ്ങൾ സാംസ്ക്കാരിക സമിതി പരിശോധിക്കേണ്ടതാണ്. എന്നു മാത്രമല്ല, കേരളത്തിലെ മറ്റ് സ്വകാര്യ പ്രസിദ്ധീകരണ ശാലകൾ പ്രസിദ്ധീകരണം ഏറ്റെടുക്കുന്ന വളരെ വിലപിടിപ്പുള്ള ഗ്രന്ഥങ്ങൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. കയ്യെഴുത്ത് പ്രതികളുണ്ട്. ഇപ്പോൾ അതിന്റെ റീ-പ്രിന്റ് ആവശ്യമായതുണ്ട്. അതോടൊപ്പം ചില വിഷയങ്ങളെ ബന്ധപ്പെടുത്തി എഴുതുന്ന ഗ്രന്ഥങ്ങൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ ഗ്രന്ഥങ്ങളെ സ്വകാര്യ പ്രസിദ്ധീകരണ ശാലകൾ ഏറ്റെടുക്കാറില്ല. അത്തരം ഗ്രന്ഥങ്ങളെയാണ് സാംസ്ക്കാരിക വകുപ്പ് പ്രസിദ്ധീകരിക്കുന്നത്. ലേഖനങ്ങളുടെ കാര്യം പറഞ്ഞു. ഞാൻ സൂചിപ്പിച്ചത് സാംസ്ക്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുന്നോട്ടു പോകുമ്പോൾ, അത്തരം സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രയത്നങ്ങളോടൊപ്പംതന്നെ തീർച്ചയായും ആവശ്യമായ ലഘുലേഖകളും ഇറക്കുന്നതാണ്. സാഹിത്യ അക്കാഡമിയുടെ ഇത്തവണത്തെ പുരസ്ക്കാരങ്ങൾ നൽകിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എ. കെ. ആന്റണി അവിടെ നടത്തിയ പ്രസംഗം പ്രധാനപ്പെട്ട ഒരു പ്രസംഗമായിരുന്നു. അത് എല്ലാവരും അറിയേണ്ടതാണ് എന്നുള്ളതുകൊണ്ട് അതിന്റെ തന്നെ പ്രിന്റ് എടുത്ത് കേരളത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അത്യാവശ്യമായി ഇത്തരം ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും ഇതുമായി ബന്ധപ്പെട്ട് ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇൻഫർമേഷൻ വകുപ്പു മന്ത്രി ശ്രീ. എം. എം. ഹസ്സൻ ഇവിടെയുണ്ട്. അദ്ദേഹം പി.ആർ.ഡി.-യുമായി ബന്ധപ്പെട്ട് ആലോചിച്ച് അതെല്ലാം ചെയ്യുന്നതാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, നമ്മുടെ സംസ്ഥാനത്ത് ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ധാരാളം സന്നദ്ധ സംഘടനകളും ക്ലബ്ബുകളും ഉണ്ട്. ഇവയെല്ലാംതന്നെ ഇവയുടേതായ ഒറ്റപ്പെട്ട പ്രവർത്തനങ്ങൾ മാത്രം നടത്തി, ചിലപ്പോൾ ഒരു വാർഷികം തന്നെ നടത്തി അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരം സംഘടനകളെ ദേശീയ മുഖ്യധാരയിൽ കൊണ്ടുവന്ന് 'സംസ്ക്കാര' പദ്ധതിയുടെ കീഴിൽ ദേശീയോദ്ഗ്രഥനത്തിനും മതമൈത്രിക്കും ഉതകുന്ന ഒരു സ്ഥിരം കർമ്മ പരിപാടി എന്ന നിലയിൽ സാമ്പത്തിക സഹായം ഉൾപ്പെടെ നൽകി പരിപോഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. കാർത്തികേയൻ: സംസ്ക്കാരിക സംഘടനകളെ അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നതിന് ഗവൺമെന്റിന് സന്തോഷമേയുള്ളൂ. എന്നാൽ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സാംസ്ക്കാരിക സംഘടനകളേയും സഹായിക്കാനുള്ള സാമ്പത്തിക പശ്ചാത്തലമോ അതിനുള്ള ബഡ്ജറ്ററി സപ്പോർട്ടോ സാംസ്ക്കാരിക വകുപ്പിനില്ല. കേരളത്തിൽ ഐഡന്റിഫൈ ചെയ്തിട്ടുള്ള ചില സ്ഥാപനങ്ങൾക്ക് വൺ ടൈം ഗ്രാന്റ് നമ്മൾ കൊടുക്കാറുണ്ട്. അതിനുതന്നെ പരിമിതമായ ഒരു തുകയാണ് ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്. ബഹുമാനപ്പട്ട അംഗത്തിന്റെ നിർദ്ദേശം നല്ലതാണ്. പക്ഷേ അതിനുള്ള സാമ്പത്തികാവസ്ഥ വരുമ്പോൾ തീർച്ചയായും അത് ആലോചിക്കുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി: സർ, ഭാവഗീതങ്ങളിൽ പ്രയോഗിക്കുന്നതുപോലെ അമൂർത്തമായ ചില പദങ്ങൾ പ്രയോഗിച്ചാൽ സംസ്ക്കാരം ആവില്ല എന്നാണ് എനിക്ക് വിനയപുരസരം ഓർമ്മിപ്പിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്തെ കലാ-സാംസ്ക്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് കലാസമിതികളും അതുപോലെ ഗ്രന്ഥശാലകളും ഒക്കെ യോജിപ്പിച്ചുകൊണ്ട് രാജ്യത്താകെ ഒരു സെക്കുലർ ഫെസ്റ്റിവൽ സംഘടിപ്പിക്കുവാൻ സംസ്ക്കാര എന്ന പരിപാടിക്കകത്ത് കഴിയുമോ? അത് പരിശോധിക്കുമോ?

ശ്രീ. ജി. കാർത്തികേയൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശം ഗൗരവമായിതന്നെ സർക്കാർ പരിഗണിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly